**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

2010 മുതൽ 2017 വരെയുള്ള കാലയളവിൽ യു. ജി.സി. സ്കെയിലിൽ ശമ്പളം പറ്റുന്ന അധ്യാപകർക്ക് മൂല്യനിർണയത്തിന് അധികമായി നൽകിയ പ്രതിഫല തുക കണക്കാക്കുന്നതിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എൻ 1 സെക്ഷൻ**

നമ്പർ. 2884/EN 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 25.06.2019

---

പരാമർശം:-1.17.01.2018 ലെ സർവകലാശാലാ ഉത്തരവ് നമ്പർ 766 / EA II /2 /195/2018
2.14.11 .2017 ലെ സർവകലാശാലാ ഉത്തരവ് നമ്പർ 675/ EA II/1/548/2017
3. 08.11.2018 ലെ സിൻഡിക്കേറ്റ് യോഗം - മിനട്സ് ഇനം നം.144 /18.09 /181705
4. 01.01.2019 ലെ സർവകലാശാലാ ഉത്തരവ് നമ്പർ 577/ EA II/ 2/291/2018
5. G.O. (Rt) No. 896/2019/HEDN dated Thiruvananthapuram, 03.06.2019
6. File No. EN 1/3/5034/2018

**<u>ഉത്തരവ്</u>**

1. റഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യനിർണയം നടത്തിയ വകയിൽ 2010 മുതൽ യു.ജി.സി സ്കീമിലുള്ള അധ്യാപകർക്ക് പ്രതിഫലം നൽകി വരുന്നത് തെറ്റായിട്ടാണെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസ് കണ്ടെത്തിയതിനെത്തുടർന്ന് എല്ലാ ഗവൺമെന്റ് / എയ്ഡഡ് കോളജുകളിൽ നിന്നുമുള്ള അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വർഷവും കോഴ്സും തിരിച്ചുള്ള കണക്കുകൾ എടുത്ത്, റഗുലർ വിദ്യാർത്ഥികളുടെ മൂല്യനിർണയം നടത്തിയ വകയിൽ അധ്യാപകർക്ക് നൽകിയ പ്രതിഫലത്തുകയുടെ കണക്ക് ഒരു മാസത്തിനകം ലഭ്യമാക്കണമെന്ന് 01.06.2017 ലെ കത്ത് പ്രകാരം ഉന്നത വിദ്യാഭ്യാസ സെക്രട്ടറി കർശന നിർദ്ദേശം നൽകിയിരുന്നു. ആയതിനെത്തുടർന്ന് പരാമർശം (1) പ്രകാരം പ്രോ വൈസ് ചാൻസിലർ കൺവീനറായ സമിതി രൂപീകരിക്കുകയുണ്ടായി.
2. എന്നാൽ പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനും മുമ്പ് തന്നെ, മൂല്യനിർണയം ജോലിയുടെ ഭാഗമാണ് എന്ന യു.ജി.സി. നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ മഹാത്മാഗാന്ധി സിൻഡിക്കേറ്റ് എടുത്ത തീരുമാനപ്രകാരം യു.ജി.സി അധ്യാപകർക്ക് ആർട്സ് ആൻഡ് കൊമേഴ്സ് വിഷയങ്ങളിലെ 80 ബിരുദ പേപ്പറുകളും 25 ബിരുദാനന്തര ബിരുദ പേപ്പറുകളും മൂല്യനിർണയം നടത്തുന്നതിനും, സയൻസ് വിഷയങ്ങളിലെ 65 ബിരുദ പേപ്പറുകൾ 20 ബിരുദാനന്തരബിരുദ പേപ്പറുകൾ എന്നിവ മൂല്യനിർണയം നടത്തുന്നതിനും പ്രതിഫലം നൽകേണ്ടതില്ല എന്ന് നിശ്ചയിച്ചിരുന്നു. തദനുസരണം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് പ്രകാരം (പരാമർശം 2) 9 രൂപ നിരക്കിൽ ഇത്രയും പേപ്പറുകളുടെ പ്രതിഫലത്തുക യു.ജി.സി. അധ്യാപകരുടെ മൂല്യനിർണയ പ്രതിഫലത്തിൽ നിന്നും കുറവ്

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം
Draft #1 of File 23298/EN 1/3/2019/EN 1 Approved by ASSISTANT REGISTRAR XVIII EXAM on 25-Jun-2019 12:47 PM - Page 1

ചെയ്യുന്നതിനും, മൂല്യനിർണയത്തിൽ നിന്നും വിട്ടുനിൽക്കുന്ന അധ്യാപകരിൽ നിന്നും അത്രയും തന്നെ പേപ്പറുകൾക്ക് 9 രൂപ നിരക്കിൽ സർവകലാശാലാ ഫണ്ടിലേക്ക് ഈടാക്കുന്നതിനും വ്യവസ്ഥ ചെയ്തിരുന്നു.

3. പരാമർശം (1) പ്രകാരം രൂപീകൃതമായ കമ്മിറ്റിയുടെ റിപ്പോർട്ട് മഹാത്മാഗാന്ധി സർവകലാശാലാ സിൻഡിക്കേറ്റ് യോഗം അംഗീകരിക്കുകയും (പരാമർശം 3) തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. (പരാമർശം 4) .
4. 13.02.2019ലെ ഹൈക്കോടതി വിധിയെത്തുടർന്ന് കേരള സർക്കാർ പുറപ്പെടുവിച്ച 03.06.2019ലെ ഉത്തരവ് പ്രകാരം (പരാമർശം 5), റഗുലർ വിദ്യാർത്ഥികളുടെ ഉത്തരക്കടലാസ് മൂല്യനിർണയം ചെയ്തതിന് യു.ജി.സി അധ്യാപകർ കൈപ്പറ്റിയ പ്രതിഫലത്തുക കണക്കാക്കി അടിയന്തിരമായി തിരികെ ഈടാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു.
5. പരാമർശം (6) പ്രകാരം, മൂല്യനിർണയം നടത്തിയാലുമില്ലെങ്കിലും ബിരുദ കോഴ്സുകളുടെ ഉത്തരക്കടലാസുകൾക്ക് (80/65) 9 രൂപ നിരക്കിലും ബിരുദാനന്തര ബിരുദ കോഴ്സുകളുടെ ഉത്തരക്കടലാസുകൾക്ക് (25/20) 10 രൂപ നിരക്കിലും യു.ജി.സി. അധ്യാപകരിൽ നിന്ന് തിരികെ ഈടാക്കുവാനും, പ്രസ്തുത തുക കണക്കാക്കുന്നതിന് താഴെപ്പറയുന്ന ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുവാനും ബഹു. വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

   1. ശ്രീ. സനൽകുമാർ ടി.വി., സെക്ഷൻ ഓഫീസർ, എസ്.എഫ് 1
   2. ശ്രീമതി ഉഷാ വി.ഡി., സെക്ഷൻ ഓഫീസർ, എക്സാം ഓഡിറ്റ് 2
   3. ശ്രീമതി മഞ്ജുഷ പി.വി., അസിസ്റ്റൻറ് , എക്സാം ഓഡിറ്റ് 2
   4. ശ്രീ. ശ്രീഹരി ആർ, കമ്പ്യൂട്ടർ അസിസ്റ്റന്റ്, എഫ്.സി. 3

6. ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കേണ്ട സമയപരിധി അവസാനിച്ചിരിക്കുന്നതിനാൽ ഈ വിഷയം അടിയന്തിര പരിഗണന നൽകി പൂർത്തിയാക്കി ഒരാഴ്ചയ്ക്കുള്ളിൽ റിപ്പോർട്ട് ചെയ്യുവാൻ മേൽ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

വിജയതിലകൻ .വി

അസിസ്റ്റന്റ് രജിസ്ട്രാർ 18 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ
2. വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ

Draft #1 of File 23298/EN 1/3/2019/EN 1 Approved by ASSISTANT REGISTRAR XVIII EXAM on 25-Jun-2019 12:47 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

4. സി.ഇ. സെക്ഷൻ
5. എ.സി.സി 1, 2 സെക്ഷനുകൾ
6. ജെ.ആർ I / എ.ആർ III (ഫിനാൻസ്)
7. ജെ.ആർ I / ജെ.ആർ IV/ ഡി.ആർ VIII/ എ.ആർ XI (പരീക്ഷാ വിഭാഗം)
8. എക്സാം ഓഡിറ്റ് I, II, III സെക്ഷനുകൾ
9. എസ്.എഫ് I സെക്ഷൻ
10. ഇ.എൻ. 1 സെക്ഷൻ
11. ജെ.ഡി., കെ.എസ്.എ
12. കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ
13. സ്റ്റോക്ക് ഫയൽ

Draft #1 of File 23298/EN 1/3/2019/EN 1 Approved by ASSISTANT REGISTRAR XVIII EXAM on 25-Jun-2019 12:47 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം